"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 10/2021 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2283/2024/LSGD തീയതി, തിരുവനന്തപുരം, 25-11-2024**

---

പരാമർശം:-

1. സ.ഉ.(പി) നം. 32/2019/ധന, തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 10/2021 നമ്പർ കേസിന്മേലുള്ള 23/12/2022 തീയതിയിലെ വിധിന്യായം.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 21/10/2023 തീയതിയിലെ എ3/1512/2023/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06/08/2024 തീയതിയിലെ കെ18-559275/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. എസ്. കൃഷ്ണകുമാർ & ശ്രീമതി സിന്ധു കൃഷ്ണകുമാർ എന്നിവർ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 10/2021 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. മേൽ പരാമർശിത എൽ.എ.ആർ. കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 84,62,555/- രൂപ അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം. 3118/22-1 (LA Sy. No. 55 & 56) -ൽ ഉൾപ്പെട്ടതും ശ്രീ. എസ്. കൃഷ്ണകുമാർ (ഇന്ദ്രപ്രസ്ഥം, റ്റി.സി. നം. 4/2554 (5), കുറവൻകോണം, തിരുവനന്തപുരം) & ശ്രീമതി സിന്ധു കൃഷ്ണകുമാർ (ഇന്ദ്രപ്രസ്ഥം, റ്റി.സി. നം. 4/2554 (5), കുറവൻകോണം, തിരുവനന്തപുരം) എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.74 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 10/2021 നമ്പർ കേസിലെ

ബാലൻസ് വിധിക്കടത്തുകയായ 84,62,555/- രൂപ (എൺപത്തിനാല് ലക്ഷത്തി അറുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി അമ്പത്തിയഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. എസ്. കൃഷ്ണകുമാർ & ശ്രീമതി സിന്ധു കൃഷ്ണകുമാർ എന്നിവർക്ക് '4217-60-800-93 (Plan)' എന്ന ശീഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. എസ്. കൃഷ്ണകുമാർ, ഇന്ദ്രപ്രസ്ഥം, റ്റി.സി. നം. 4/2554 (5), കുറവൻകോണം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
ശ്രീമതി സിന്ധു കൃഷ്ണകുമാർ, ഇന്ദ്രപ്രസ്ഥം, റ്റി.സി. നം. 4/2554 (5), കുറവൻകോണം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/402/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 25-11-2024 13:10:19
സെക്ഷൻ ഓഫീസർ